പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇടാത്ത നിയമസഭാചോദ്യം നമ്പർ 7060 — 11/07/2014-ൽ മറുപടിക്ക്

**എം.എച്ച്.എസ്.എസ്. മുന്നിയൂരിലെ അദ്ധ്യാപകൻ ശ്രീ. അനീഷ് കെ.കെ. യെ സർവ്വീസിൽ നിന്നും പിരിച്ചുവിടൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. പി.കെ. അബ്ദുറബ്ബ്, വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി സബ്ജില്ലയിലെ എം.എച്ച്.എസ്.എസ്. മുന്നിയൂരിലെ അദ്ധ്യാപകൻ ശ്രീ. അനീഷ് കെ.കെ. യെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ടിയാനെതിരെ നടപടി സ്വീകരിച്ചിട്ടുള്ളത് ഏതെല്ലാം അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്ന് വിശദമാക്കുമോ;<br>(സി) അന്വേഷണം നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമാണ്; ഇവരുടെ ഉദ്യോഗപ്പേര് വിശദമാക്കാമോ ; | (ബി) & (സി)<br>തിരൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. ഗിരീഷ് ചോലയിൽ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നു ശ്രീ. അനീഷിനെതിരെ നടപടി സ്വീകരിച്ചത്. |
| (ഡി) അന്വേഷണ ഉദ്യോഗസ്ഥർക്ക് എന്തൊക്കെ തെളിവുകളാണ് ടിയാനെതിരെ ലഭിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ഡി) 1.സാക്ഷി മൊഴികൾ<br>2.തിരൂരങ്ങാടി പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച ക്രൈം നം.92/13 തീയതി 07-02-13 പ്രഥമ വിവര റിപ്പോർട്ട്.<br>3) ഫറൂഖ് ചെറുവണ്ണൂർ കോയാസ് ആശുപത്രിയിലെ ഡോ. എം.എ. കോയ സാക്ഷ്യപ്പെടുത്തിയ Accident-Cum-Wound സർട്ടിഫിക്കറ്റ് |

(ഇ) അന്വേഷണ റിപ്പോർട്ടിന്റെയും, ഹാജരാക്കിയ തെളിവുകളുടെയും പകർപ്പുകൾ നൽകാമോ ;

(ഇ) പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്

(എഫ്) നടപടിക്ക് വിധേയനായ അദ്ധ്യാപകൻ സ്കൂളിലെ മറ്റേതെങ്കിലും ജീവനക്കാരുമായി വാക്കു തർക്കമോ, അടിപിടിയോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആരുമായിട്ടാണ്;

(ജി) ഇതിൽ ആർക്കെങ്കിലും പരിക്കേറ്റിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ് പരിക്കേറ്റത്;

(എച്ച്) പരിക്കേറ്റ കക്ഷിയെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത് ആശുപത്രിയിൽ എത്ര ദിവസം;

<u>(എഫ്), (ജി) & (എച്ച്)</u>

പ്രസ്തുത സ്കൂളിലെ എഫ്.റ്റി.എം ആയ ശ്രീ. മുഹമ്മദ് അഷറഫുമായി ശ്രീ. അനീഷ് തർക്കത്തിലേർപ്പെടുകയും ശ്രീ. മുഹമ്മദ് അഷറഫിനെ ചെറുവണ്ണൂർ കോയാസ് ആശുപത്രിയിൽ മൂന്നു ദിവസം (5/2/2013 മുതൽ 7/2/2013 വരെ) അഡ്മിറ്റ് ചെയ്യുകയുമുണ്ടായി. മറ്റാരെങ്കിലുമായി വാക്കു തർക്കമോ, അടിപിടിയോ ഉണ്ടായതായി അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടില്ല

(ഐ) ചികിത്സിച്ച ഡോക്ടറുടെ പേരും യോഗ്യതകളും വിശദമാക്കാമോ;

(ഐ) ചികത്സിച്ച ഡോക്ടറെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ പറയും പ്രകാരമാണ്.
പേര് : ഡോ എം.എ. കോയ
യോഗ്യത : എം.ബി.ബി.എസ്., ഡി.സി.എച്ച്.
രജിസ്ററർ നം. : 6017 ട്രാവൻകൂർ കൊച്ചിൻ കൗൺസിൽ ഓഫ് മോഡേൺ മെഡിസിൻ.

(ജെ) എന്തെല്ലാം പരിക്കുകളാണ് ഡോക്ടർ കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; മെഡിക്കൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ജെ) Accident-Cum-Wound സർട്ടിഫിക്കററിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

| | |
|---|---|
| (കെ) നിലവിലെ സ്ക്കൂൾ മാനേജർ ഏതെങ്കിലും തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ തെരഞ്ഞെടുക്കപ്പെട്ട അംഗമാണോ; എങ്കിൽ ഏതു സ്ഥാപനത്തിൽ, ഏതു പദവിയിൽ, ഏതു കക്ഷി യുടെ പ്രതി ന ിധി ആണെന്ന് വിശ ദമാക്കാമോ; | (കെ) അല്ല. |
| (എൽ) പിരിച്ചുവിടപ്പെട്ട അദ്ധ്യാപകൻ 2013-ൽ അദ്ധ്യാപകർ നടത്തിയ പണിമുടക്കിൽ പങ്കെടു ത്തിട്ടുണ്ടോ ; എങ്കിൽ എത്ര ദിവസം; | (എൽ) ഉണ്ട്. 08-01-13 മുതൽ 12-01-13 വരെ, ആറുദിവസം പണിമുടക്കിൽ പങ്കെടുത്തിട്ടുണ്ട്. |
| (എം) മാനേജരും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകനും തമ്മിൽ രാഷ്ട്രീയ അഭിപ്രായവ്യത്യാസമുണ്ടായിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എം) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (എൻ) ഇത് ടിയാനെതിരെ നടപടി എടുക്കുന്നതിൽ ഏതെങ്കിലും തര ത്തിൽ സ്വാധീനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (എൻ) അത്തരത്തിൽ ഉള്ളതായി ബോധ്യപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**